

# സ്പന്ദനം

## കുട്ടിപ്പട്ടങ്ങളുടെ യാത്ര......

## ഡിജിറ്റൽ മാഗസിൻ- 2024

## ജി. എച്ച്. എസ്.എസ് തോന്നയ്ക്കൽ

little KITEs

# ഗവൺമെന്റ്.എച്ച്.എസ്.എസ്.തോന്നയ്ക്കൽ



ചലനാത്മകമായ ഈ കാലഘട്ടത്തിൽ

സാങ്കേതികവിദ്യ അനുസ്യൂതം വളർന്നുകൊണ്ടിരിക്കുകയാണ്.

മികവിൽ നിന്നും മികവിലേക്കുള്ള പ്രയാണം.......

നവഭാവനകൾ ഇവിടെ ചിറകുവിടർത്തുന്നു.

കുട്ടിപട്ടങ്ങൾക്കായി......

വരകളിലൂടെ...വർണ്ണങ്ങളിലൂടെ...ചിന്തകളിലൂടെ

# സ്പന്ദനം

നിങ്ങൾക്കായ്......

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ–സുജിത്ത്.എസ്

സ്റ്റാഫ് എഡിറ്റർ–

ലാലി.ആർ,ആശ.എസ്

സ്റ്റുഡന്റ് എഡിറ്റർ–ഹരിമുരളി.എം.ഡി

അസോസിയേറ്റ് എഡിറ്റർമാർ

ഉണ്ണികൃഷ്ണൻ.എസ്

അഭിനവ് .എസ്

അജ്മൽ.എ

ആയുഷ്.ജി

മാഗസിൻ കമ്മറ്റി കൺവീനർ

ശിവനന്ദിനി

പ്രസിദ്ധീകരിക്കുന്നത്

ലിറ്റിൽകൈറ്റ്സിനുവേണ്ടി

ചീഫ് എഡിറ്റർ

**ഗവ.എച്ച്.എസ്.എസ്.തോന്നയ്ക്കൽ**



**പ്രഥമാധ്യാപകൻ**

പ്രിയരേ,

വിദ്യാഭ്യാസ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ പ്രാധാന്യം എടുത്തുപറയേണ്ട ഒന്നാണ്.നമ്മുടെ വിദ്യാർത്ഥികളിൽ  അന്തർലീനമായ വിവിധ കഴിവുകൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ പരിപോഷിപ്പിക്കാനാവും.

ഇതിന്റെ ഭാഗമാണ് തോന്നയ്ക്കൽ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരുക്കുന്ന സ്പന്ദനം എന്ന ഡിജിറ്റൽ മാഗസിൻ. ഈ സംരംഭത്തിൽ പങ്കാളിയാകുന്ന വിദ്യാർത്ഥികൾക്കും പിന്തുണയായ അധ്യാപകർക്കും അഭിനന്ദനങ്ങൾ.



പി.റ്റി.എ പ്രസിഡന്റ്
ലിറ്റിൽ

കൈറ്റ്സിന്റെ സജീവമായ
പ്രവർത്തനങ്ങൾക്കും
സ്പന്ദനം എന്ന ഡിജിറ്റൽ മാഗസിനും
എല്ലാവിധ ആശംസകളും നേരുന്നു.

# ഉള്ളടക്കം


| കൃതി | വിഭാഗം | പേജ് |
|---|---|---|
| ശൂന്യത | കവിത | 8 |
| Best thoughts | ശേഖരണം | 9 |
| മലയാള ശൈലികൾ | ശേഖരണം | 10 |
| ചിത്രം | ചിത്രം | 11 |
| Story | Story | 12 |
| കൃഷി കവിത | കവിത | 13 |
| Programming | Programming | 14 |
| ചിത്രം | ചിത്രം | 15 |
| എന്റെ വിദ്യാലയം | വിവരണം | 16 |

കവിത

# ശൂന്യത

കീവിൽ നിന്നും ഗാസയിലേക്ക്
എത്ര ദൂരം അറിയില്ല
ശീതീകരിച്ച മുറികളിൽ നിന്നും
കൽപനകൾ
ഇടിമുഴക്കങ്ങളായി പെയ്തിറങ്ങുമ്പോൾ
മുറിവേറ്റ ആകാശം രക്തം ശർദ്ദിക്കുന്നു
സമയ സൂചി മരിച്ച ഘടികാരങ്ങൾ
ഹൃദയ സൂചി തകർന്ന ശരീരങ്ങൾ
തകർന്ന ആശുപത്രി വരാന്തയിൽ
സൈലൻസ് ബോർഡിനരികിൽ
ഒരു കുഞ്ഞ് അനുസരണയോടെ
കിടന്നു
'ഞങ്ങളെ കൊല്ലുമ്പോൾ
മരിക്കുന്നത് നിങ്ങളാണ്
ആ കുഞ്ഞിന്റെ പാതിയടഞ്ഞ കണ്ണുകൾ
അങ്ങനെ പറയുമ്പോലെ

ഋതുപർണ .പി.എസ്
+1 കമ്പ്യൂട്ടർ സയൻസ്

# Best Thoughts

* Courage to continue matters more than success of failure

* Doubts today shouldn’t limit tomorrows possibilities

* Great work comes from loving what you do

* You decide who you become

* Create your own future ;don’t just predict it

* success is about who you are ,not what you have

* The only failure is not trying

*success is an ongoing process;courage lies in persevering through challenges

***Abhinav.s***
***9D***

# മലയാളം ശൈലികൾ

അകത്തമ്മ ചമയുക -മേന്മ നടിക്കുക

അത്തിപ്പഴത്തോളം -അൽപ്പം

അധരവ്യായാമം -വ്യർത്ഥമായ സംസാരം

അമ്പലം വിഴുങ്ങുക -മൊത്തം വിഴുങ്ങുക

ഉണ്ട ചോറിൽ കല്ലിടുക -നന്ദികേട് കാണിക്കുക

എണ്ണിച്ചുട്ട അപ്പം - പരിമിത വസ്തു

ഓലപ്പാമ്പ് കാട്ടുക – വ്യർത്ഥമായ ഭീഷണി

കാനൽ ജലം – തോന്നൽ മാത്രം

ചെവി കടിക്കുക – തെറ്റിദ്ധരിപ്പിക്കുക

അഭിഷേക് .എസ്.എൽ
9D



നിതു.എസ്

8B

# THE TAILOR AND THE ELEPHANT

**ONCE THERE WAS AN ELEPHANT IN A VILLAGE . THE ELEPHANT GO TO THE RIVER**

**EVERYDAY TO TALK BATH .THERE WAS A TAILOR'S SHOP ON THE WAY TO THE  RIVER THE TAILOR USED TO OFFER BANANAS FOR THE ELEPHANT EVERYDAY. THEY BECOME FRIENDS. ONE DAY THE TAILOR WAS ANGRY MOOD THE ELEPHANT CAME USUALLY FOR BANANAS. INSTEAD OF GIVING BANANAS, HE PRICKED A NEEDLE INTO HIS TRUNK. THE ELEPHANT SAID NOTHING AND SILENTLY WALK AWAY.**

**UNNIKRISHNAN.S**

**9 D**

# കൃഷി കവിത

തെയ്യാ തിനന്താരാ

താരാ തിനന്താരാ

തെയ്യാ തിനന്താരാ

താരാതിനന്താരാ

നങ്ങേലിപ്പെണ്ണേ വായോ

കൂട്ടരെ കൂട്ടി വായോ

പാടവരമ്പത്ത് നെല്ല് വിതയ്ക്കാനായി

ഓടി ഓടി വായോ

നേരം വെളുക്കും മുമ്പേ പുഞ്ചപ്പാടത്ത് പോയിടേണം

വിത്ത് വിതയ്ക്കണം

നല്ല പാട്ടുകൾ പാടിടേണം

ഉച്ച വെയിലായി അയ്യോ

കാല്പ കുഴയുന്നേ

ആഞ്ഞു പിടിച്ചോണേ പെണ്ണേ

നേരം വൈകുന്നല്ലോ

അന്തിമയങ്ങിയല്ലോ ആഹാ

ഞാറു നിറഞ്ഞല്ലോ

പാടം ചിരിച്ചല്ലോ

പറയാം നമ്മളും പോണല്ലോ

ഭാഗ്യ വിനോദ്

8F



ഹരി മുരളി എം.ഡി

9G



little KITEs

# ലിറ്റിൽ കൈറ്റ്സ്

## 2022-2025 ബാച്ച്

# എന്റെ വിദ്യാലയം

മഹാകവി കുമാരനാശാനാൽ ധന്യമാക്കപ്പെട്ട തോന്നയ്ക്കൽ എന്ന ഗ്രാമത്തിന്റെ അക്ഷയ ഖനിയാണ് തോന്നയ്ക്കൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ. തിരുവനന്തപുരം ജില്ലയിൽ മംഗലപുരം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഈ പൊതുവിദ്യാലയം കൊല്ലവർഷം 1050 നടുത്ത് ഒരു കുടി പള്ളിക്കൂടമായാണ് ആരംഭിച്ചത്. 1916-ൽ നാലാം തരം വരെയുള്ള പ്രൈമറി സ്കൂൾ ആയും 1953ൽ സർക്കാർ യുപി സ്കൂളായും ഉയർത്തപ്പെട്ടു. 1961- 62 വർഷത്തിൽ ഹൈസ്കൂൾ ആയി മാറിയ ഈ വിദ്യാലയം 2000- 2001 വർഷത്തിൽ ഹയർ സെക്കൻഡറി സ്കൂളായി ഉയർത്തുകയും ചെയ്തു. ഒരർത്ഥത്തിൽ നോക്കിയാൽ ഈ വിദ്യാലയത്തിന്റെ ചരിത്രം ഈ നാടിന്റെ ചരിത്രം കൂടിയാണ്. ഒരു ഗ്രാമത്തിന്റെ വിദ്യാഭ്യാസപരമായും, സാംസ്കാരികപരമായും, സാമൂഹ്യപരവു മായ വളർച്ചയിൽ വിദ്യാലയങ്ങളുടെ
പങ്ക് വിലമതിക്കാനാവാത്തതാണ്. ഇത്തരം സ്വാധീനശക്തിയുടെ ഉത്തമ ഉദാഹരണമാണ് തോന്നയ്ക്കൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ.
മികവാർന്ന പ്രവർത്തനങ്ങളിലും ലഭിച്ച അതുല്യമായ നേട്ടങ്ങളിലും കേരളത്തിലെ ഏറ്റവും മികച്ച പൊതുവിദ്യാലയങ്ങളിൽ ഒന്നായി മാറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കലാ-സാഹിത്യ- സാമൂഹ്യരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി പ്രമുഖരെ ഈ നാടിന് സംഭാവന ചെയ്ത വിദ്യാലയം കൂടിയാണിത്. എല്ലാത്തിനുമുപരി, നമ്മുടെ നാട്ടിലെ ഒരു കുട്ടിക്കും വിദ്യാഭ്യാസം നഷ്ടമാകരുത് എന്ന പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തി മുന്നോട്ടു പോകാൻ
കഴിയുന്നു എന്നുള്ളതാണ് പ്രധാനം.

കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ മുൻനിർത്തിയാണ് സ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ട്പോകുന്നത്. ഏറ്റെടുത്ത പദ്ധതികൾ എല്ലാം തന്നെ സഫലമാക്കുന്ന പാരമ്പര്യമാണ് നമ്മുടെ സ്കൂളിനുള്ളത്. മുൻ വർഷങ്ങളിലെ അനുഭവങ്ങൾ ഇതിനെല്ലാം ഉദാഹരണമാണ്. എല്ലാ മേഖലകളിലും ആസൂത്രിതമായ ലക്ഷ്യങ്ങൾ രൂപപ്പെടുത്തി ചിട്ടപ്പെടുത്തിയ അക്കാദമിക മാസ്റ്റർ പ്ലാൻ ഉയർന്ന പഠന നിലവാരമുള്ള ഒരു വിദ്യാർത്ഥി സമൂഹത്തെയാണ് പ്രധാനമായും ലക്ഷ്യമാക്കുന്നത്. നമ്മുടെ സ്കൂളിന് അടുത്തകാലത്തുണ്ടായ നേട്ടങ്ങൾ സ്കൂളിന്റെ വിജയകിരീടത്തിലെ പൊൻതൂവലുകളാണ്. ഇതുതന്നെയാണ് ആത്മവിശ്വാസത്തോടെ മുന്നോട്ട് പോകാൻ കൂടുതൽ കരുത്ത് നമുക്ക് നൽകുന്നത്.
2022 -23 അധ്യയന വർഷത്തെ മികച്ച പ്രവർത്തനങ്ങളിലൂടെ സ്കൂളിന്റെ ജൈത്ര യാത്ര തുടരുന്നു. സബ്ജില്ലാ കലോത്സവം ഓവറാൾ, മാതൃഭൂമിസീഡ് ഹരിത വിദ്യാലയം അവാർഡ്, സീസൺ വാച്ച് അവാർഡ്, നല്ല പാഠം എ പ്ലസ് പുരസ്കാരം, തുടങ്ങി നിരവധി നേട്ടങ്ങൾ നമ്മുടെ സ്കൂളിന് കൈവരിക്കാൻ ആയി. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ രണ്ടാം റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെ പട്ടികയിൽ നമ്മുടെ സ്കൂൾ ഉണ്ടായിരുന്നു എന്നത് അഭിമാനകരമായ നേട്ടമാണ്.
കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സംഘടിപ്പിച്ച 'സയൻസ് ഓൺ വീൽ ' എന്ന പരിപാടിയുടെ സംസ്ഥാന തല സമാപന സമ്മേളന വേദി നമ്മുടെ സ്കൂൾ ആയിരുന്നു. വിക്ടേഴ്സ് ചാനലിന്റെ 'ശാസ്ത്രവും പരീക്ഷണവും' എന്ന പരിപാടിയുടെ ഷൂട്ടിംഗ് ഈ സ്കൂളിൽ വച്ച് നടത്തുകയും നമ്മുടെ വിദ്യാർത്ഥികൾക്ക് ഇതിൽ പങ്കെടുക്കാൻ കഴിഞ്ഞു എന്നതും അഭിമാനകരമായ വസ്തുതയാണ്. ഈ സ്കൂളിലെ വിദ്യാർഥികൾ തന്നെ തയ്യാറാക്കിയ 'പുക', 'ഇടം ' എന്നി ഷോർട്ട് ഫിലിമുകൾ സ്കൂളിന്റെ തനത് പ്രവർത്തനങ്ങളാണ്
: 2022 -23 അധ്യയന വർഷത്തിൽ എസ്എസ്എൽസി പരീക്ഷയിൽ99.7% വിജയവും106ഫുൾ A+കളും ചരിത്രപരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. സമീപസ്ഥങ്ങളായ പൊതുവിദ്യാലയങ്ങളുടെ കൂട്ടത്തിൽ അഭിമാനകരമായ വിജയം കൈവരിക്കാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞു. സ്കൂളിന്റെ തനത് പ്രവർത്തനമായ സൗജന്യ സിവിൽ സർവീസ് പരിശീലന പരിപാടി വിജയകരമാ മുന്നോട്ടു കൊണ്ടുപോവുകയും50 കുട്ടികൾ ഗിഫ്റ്റ് സ്റ്റുഡന്റ് പട്ടികയിൽ സ്ഥാനം നേടുകയും ചെയ്തു. യുഎസ്എസ് സ്കോളർഷിപ്പ് പരീക്ഷയിൽ 10 കുട്ടികൾക്ക് സ്കോളർഷിപ്പ് നേടാനായി. കലാകായിക ഇനങ്ങളിൽ നിരവധി നേട്ടങ്ങൾ ഉണ്ടായതുമെല്ലാം2022-23 വർഷത്തെ മികവുകളിൽ എടുത്തു പറയേണ്ടതാണ്

അഭിനവ്.പി
9G

END